(എ) 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുനിന്ന് കണ്ടെത്തിയ കള്ളപ്പണം സംബന്ധിച്ച വരുമാന നികുതി വകുപ്പ് അധികൃതരുടെ കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പരിശോധനകളിലൂടെയും സർവ്വേകളിലൂടെയും വരുമാന നികുതി വകുപ്പ് അധികൃതർ കേരളത്തിൽ നിന്നും കണ്ടെത്തിയതായ നികുതി വെട്ടിപ്പുകളുടെയും കള്ളപ്പണത്തിന്റെയും സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) വരുമാന നികുതി കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽവരുന്ന വിഷയമായതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല

ബാറുകൾ വഴിയുള്ള വരുമാനം

160 (500) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ മാസത്തിനുമുമ്പ് സംസ്ഥാനത്തുണ്ടായിരുന്ന മൊത്തം ബാറുകളുടെ എണ്ണമെത്ര ;

(ബി) നിലവിൽ ബാറുകൾവഴി വിൽക്കുന്ന മദ്യത്തിന് ഈടാക്കിവരുന്ന നികുതി നിരക്കുകൾ, സെസുകൾ, ലൈസൻസ് ഫീസുകൾ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ബാറുകൾ അടച്ചുപൂട്ടുകവഴി സംസ്ഥാന സർക്കാരിന്റെ വരുമാനത്തിലുണ്ടായ നഷ്ടം നിലവിൽ എത്ര കോടിയാണ് ;

(ഡി) സർക്കാരിന്റെ വരുമാനത്തിലുണ്ടായ നഷ്ടം സംസ്ഥാനത്തെ വ്യാജ മദ്യലോബിക്ക് നേട്ടമായിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 740 ബാറുകൾ പ്രവർത്തിച്ചിരുന്നു. ഇതിൽ ബഹു. സുപ്രീം കോടതിയുടെ 5-3-2014-ലെ വിധിയുടെ അടിസ്ഥാനത്തിൽ 8 ബാർ ഹോട്ടലുകളുടെ ലൈസൻസ് റദ്ദ് ചെയ്തിരുന്നു.

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(സി) 2014-15 വർഷത്തിൽ 420 ബാർ ഹോട്ടലുകൾ അടച്ചുപൂട്ടിയതിലൂടെ 96 കോടി 60 ലക്ഷം രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

(ഡി) വ്യാജ മദ്യ വിൽപ്പന തടയുന്നതിന് സർക്കാർ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കരാർ കുടിശ്ശിക

161 (501) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കരാറുകാർക്ക് എത്ര കോടി രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാരണത്താൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭരണവകുപ്പിൽനിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 1343.47 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly